**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2956** **10-03-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ പ്രകാരമുള്ള മലമ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷൻ പ്രകാരം മലമ്പുഴ പഞ്ചായത്തിലെ കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ എത്തിക്കുന്ന പ്രവൃത്തിയുടെ നിലിവിലെ സ്ഥിതി അറിയിക്കാമോ; | (എ) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ പഞ്ചായത്തിലെ കവ, അനക്കൽ, തെക്കേ മലമ്പുഴ എന്നി പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിച്ച് ഗാർഹിക കുടിവെള്ള കണക്ഷൻ (814 എണ്ണം) നൽകുന്ന പ്രവർത്തിയിൽ ഇതുവരെ 35 km പൈപ്പ് ലൈൻ സ്ഥാപിച്ച് 500 ഗാർഹിക കുടിവെള്ള കണക്ഷൻ നല്കിട്ടുണ്ട്. 3 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ പ്രവർത്തികൾ ടെൻഡർ ഘട്ടത്തിലാണ്.ഇത് പൂർത്തീകരിച്ചെങ്കിൽ മാത്രമേ പ്രസ്തുത കണക്ഷനുകളിൽ കുടിവെള്ളം എത്തിക്കുവാൻ സാധിക്കുകയുള്ളൂ. ഇനി പൈപ്പ് ലൈൻ സ്ഥാപിക്കാൻ ശേഷിക്കുന്ന 22 കിലോ മീറ്റർ PWD റോഡിലും, 2 കിലോ മീറ്റർ KRFB റോഡിലും റോഡ് കട്ടിങ് അനുമതി ലഭ്യമാകാനുണ്ട്. |
| (ബി) | മലമ്പുഴയിലേക്കും സമീപ പ്രദേശങ്ങൾക്കും ജലവിതരണം നടത്തുന്നതിനായി മലമ്പുഴയിൽ 3 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണി നിർമ്മിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ പഞ്ചായത്തിലെ തെക്കേ മലമ്പുഴയിൽ നിർമിക്കേണ്ട 3 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ പ്രവർത്തി നിരവധി തവണ ടെൻഡർ ചെയ്യുകയുണ്ടായി. അവസാന ടെൻഡറിൽ പങ്കെടുത്ത കരാറുകാരൻ പ്രവർത്തിയുടെ 23% അധിക നിരക്കിലാണ് ക്വോട്ട് ചെയ്തത്. തുടർന്ന് പ്രവർത്തി പുനർദർഘാസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ